ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 311 സബ് രജിസ്ട്രാർ ആഫീസുകളാണ് നിലവിലുള്ളത്.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ വക കെട്ടിടങ്ങളിലും മിനി സിവിൽ സ്റ്റേഷനുകളിലും റവന്യൂ വകുപ്പിന്റെ കെട്ടിടങ്ങളിലുമായി 201 സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നു. 110 സബ് രജിസ്ട്രാർ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(സി) സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുള്ളതുമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിവരുന്നു. സർക്കാർവക കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ ടി കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നുണ്ട്.

മോണോറെയിൽ പദ്ധതി

262 (7233) ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോണോറെയിൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പദ്ധതിയുടെ കരാർ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) തിരുവനന്തപുരത്തും കോഴിക്കോട്ടുമായി സ്ഥാപിക്കുന്ന മോണോറെയിൽ പദ്ധതിക്ക് എന്ത് തുക ചെലവ്വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പണം ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താമെന്നാണ് കരുതുന്നത് ;

(ഡി) മോണോറെയിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) സംസ്ഥാന ബജറ്റിൽ ഈ പദ്ധതികൾക്ക് എന്തു തുകവീതം വകയിരുത്തിയിട്ടുണ്ട് ; ഇതിനകം ചെലവായ തുക എത്ര ?

ഉത്തരം

(എ&ബി) മോണോറെയിൽ പദ്ധതികൾക്കായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 1-10-2013-ന് ടെണ്ടർ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിച്ചപ്പോൾ ബൊംബാർഡിയൻ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒറ്റ സ്ഥാപനം മാത്രമേ താൽപ്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ റീ-ടെണ്ടർ വിളിച്ചു. റീ-ടെണ്ടർ തുറന്നപ്പോഴും പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. അതിന്റെ സാങ്കേതിക ദർഘാസ് പരിശോധിച്ച് വരികയാണ്.

(സി) ഡി.പി.ആർ. പ്രകാരം കോഴിക്കോട് നഗരത്തിന് 1991 കോടി രൂപയും, തിരുവനന്തപുരം നഗരത്തിന് 3590 കോടി രൂപയും ചെലവുവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മോണോറെയിൽ പദ്ധതികൾക്കായി ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും സമാഹരിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) തിരുവനന്തപുരം മോണോറെയിൽ പദ്ധതി 60 മാസം കൊണ്ടും കോഴിക്കോട് മോണോറെയിൽ പദ്ധതി 36 മാസംകൊണ്ടും സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മോണോറെയിൽ പദ്ധതിയെ കേരള സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) 2014-15 ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മോണോറെയിൽ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി 30-6-2014 വരെ 8,53,49,215-കോടി രൂപ (എട്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി നാല്പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി പതിനഞ്ച് കോടി രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്.

ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി

262 (7234) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി.യുടെ നിബന്ധനകൾ പാലിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഐ.ആർ.സി.യുടെ നിബന്ധനകൾ അനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly